ആശുപത്രിയുടെ വികസനം മുതലായവ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ എന്തെങ്കിലും കൂടെ അധികാരങ്ങൾകൂടി കൊടുക്കുന്ന കാര്യത്തെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഏലാ വികസന പദ്ധതികൾ

*377 [396] ശ്രീ. ആർ. സുന്ദരേശൻ നായർ:
ശ്രീ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഏലാ വികസന പദ്ധതികൾ ഉണ്ട്;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമായാണോ നടക്കുന്നത്;

(സി) 1978-79 സാമ്പത്തിക വർഷത്തിൽ ഏലാ വികസന യൂണിറ്റുകളുടെ പ്രവർത്തനം ഏതെല്ലാം സ്ഥലങ്ങളിലേക്ക് കൂടുതലായി വ്യാപിപ്പിച്ചു;

(ഡി) നെൽകൃഷി ചെയ്യുന്ന കൃഷിഭൂമിയുടെ എത്ര ശതമാനം ഇതുവരെയായി ഏലാ വികസന യൂണിറ്റുകളുടെ പരിധിയിൽ വന്നിട്ടുണ്ട്?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) 483.

(ബി) പൊതുവേ പറഞ്ഞാൽ ഏറെക്കുറെ കാര്യക്ഷമമായിട്ടാണ് നടക്കുന്നത്.

(സി) വ്യാപിപ്പിച്ചിട്ടില്ല.

(ഡി) 28 ശതമാനം.

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ആന്റ് മിൽക്ക് മാർക്കറ്റിംഗ് ബോർഡുവഴി വിതരണം നടത്തുന്ന ക്ഷീരോൽപ്പന്നങ്ങൾ

*378 [397] ശ്രീ. കെ. സുകുമാരനുണ്ണി:
ശ്രീ. സ്റ്റീഫൻ പാദുവ:
ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:
ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എൽ. ഡി. ആന്റ് എം. എം. ബോർഡിൽനിന്നും വിതരണം ചെയ്യുന്ന പാൽ പിരിഞ്ഞു പോകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly